മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: സൊസൈറ്റിക്ക് ഒരു സഹായമാകട്ടെയെന്നു കരുതിയാണ്.

മിസ്റ്റർ പി. കെ. ഡീവർ: ഈ റേഷൻ ഷാപ്പിലെ കാർഡു ഉടമസ്ഥന്മാക്ക് ഏതെങ്കിലും ഒരു ദിവസം അരി കിട്ടാതെയിരുന്നിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഒരു ദിവസം കാലത്തു് രണ്ടുചാക്ക് അരിയെ ഷാപ്പിൽ ഉണ്ടായിരുന്നുള്ളൂ. ആ രണ്ടുചാക്കു അരി അന്നു കാർഡുകാക്കു കൊടുക്കുവാൻ മതിയായില്ല. അരികൊണ്ടുവരാൻ താമസമുണ്ടായതോ മറ്റോ വൈകി, അത്രേയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: അന്നുതന്നെ കാർഡുകാക്ക് അരി കൊടുക്കുവാൻ സാധിച്ചുവോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഉവ്വ്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഈ ഷാപ്പു തുടങ്ങിയതിന്നു ശേഷം ഇതുകൂടാതെ വേറെ വല്ല ആക്ഷേപമുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവിടെ ഒരു അടിപിടിയുണ്ടായതായിട്ട് പത്രങ്ങളിൽ ചില ആക്ഷേപങ്ങളുണ്ടായതായി കണ്ടിട്ടുണ്ടു്, എൻകയറി നടത്തിയതിൽ ശരിയല്ലെന്നു കണ്ടു

മിസ്റ്റർ വി. ർ. കൃഷ്ണനെഴത്തശ്ശൻ: മുന്നു പ്രാവശ്യം Stay order കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അതു എന്നൊക്കെയാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആദ്യം കൊടുത്തതു് ൪— ൭— ൪൭-ലാണു്. പിന്നീടുകൊടുത്തതു് ന ൦— ൯— ൪൭-ലാണു്.

മിസ്റ്റർ എം കെ. രാജ: ഇതിന്റെ മലയാളം തിയ്യതിയൊന്നു പറഞ്ഞാൽ കൊള്ളാം.

Mr. K. Balakrishna Menon *(Minister for Food and Education):* I am sorry that you could not understand it.

Mr. M. K. Raja *(Mulakunnathukavu):* I did not mean any insinuation against the Hon'ble Minister. What I meant was that the person who supplied him with the answer might have intended to create confusion.

Mr. K. Balakrishna Menon *(Minister for Food and Education):* I will prefer to take the responsibility on myself.

Mr. M. K. Raja *(Mulakunnathukavu):* Then I am not responsible for the alleged insinuation. The Hon'ble Minister can explain things as best as he can.

മിസ്റ്റർ കെ. ടി അച്യുതൻ: ഈ Stay order കൊടുത്തതു് എന്തെങ്കിലും ഒരു തീരുമാനം ചെയ്യുവാൻ വേണ്ടിയല്ലെ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ.

FIRE OFFICER—COMPLAINTS AGAINST

304. Mr. P. A. Mohamed Ashroff *(Cranganur):* Will Government be pleased to state.—

(a) has the Commissioner of Police received any complaints about the Fire Officer from his own subordinates;

(b) who was the Office-in-charge of Fire Service before the present Fire Officer was appointed;

(c) what is the strength of the Fire Service Personnel at present?

Rao Bahadur T. K. Nayar *(Prime Minster):*

(a) No.

(b) The Assistant Commissioner of Police at Ernakulam and Mattancheri and the Reserve Inspector at Trichur.

(c) 97. (Fire Officer 1, Fire masters 3, Group-Ledaers3, Leading Firemen 15, Drivers 12, Firemen 60, Mechanic-drivers 2, Blacksmith 1).

Mr. S. P. Luiz *(Nominated):* May I know Sir, whether a Special Officer, one Mr. Gudino was sent up for training.

Rao Bahadur T. K. Nayar *(Prime Minister):* I want notice.

Mr. S. P. Luiz *(Nominated):* Is it a fact that in spite of the fact that he is the only fully trained and experienced hand, his claims have been overlooked and some other Officer has been put there? When a Special Officer has been sent for particular training and when he comes back after training and takes his job, is it proper that his claims are overlooked and somebody else appointed?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Prime Minister):* I will look into that question.

PUTHENPETTA BAZAAR ROAD KUNNAMKULAM—STRAIGHTENING OF

305. Dr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state—

(a) whether orders have been issued for acquisition of land to straighten the eastern end of the Puthenpetta Bazaar in Kunnamkulam Town;

(b) whether it has come to the notice of the Government that the eastern end of the above road is in a very bad condition;

(c) whether the Government has noted the complaints about this road in "Gomathi," dated 25 th Thulam 1123 under the heading "കുണ്ടംകളം"

(*d*) what has the Government done to redress that grievance?

Mr. K Balakrishna Menon *(Minister for Food and Education):*

(*a*) Yes.

(*b*) No; but the portion requires improvements.

(*c*) Yes.

(*d*) Steps are deing taken to improve the condition.

മിസ്റ്റർ പാറമേൽ ഐയ്യ് ഐയ്യ്: സബ്ഡിവിഷൻ ബി. യിൽ പറഞ്ഞിട്ടുള്ള ചോദ്യത്തിന്ന് no എന്നാ ഉത്തരം പറഞ്ഞിട്ടുണ്ട്. അപ്പോൾ ഈ വഴിയിൽക്കൂടി വണ്ടിയ്ക്ക് പോകുവാനോ, ആളുകൾക്ക് നടക്കുവാനോ പറ്റിയ സ്ഥിതിയിലാണോ അതിന്റെ ഇപ്പോഴത്തെ കിടപ്പ്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സ് വേണം.

Mr. Paramel Ipe Ipe *(Kunnamkulam):* In this connection I wish to invite the President's attention. It is more advisable to note the date of the questions and also the date when the answer is gathered. Because from this we do not know what they refer to. I think the question was sent up by me either in the Chingam Session or Vrischigam Session.

മിസ്റ്റർ എം. കെ. രാജ: സർ, ഈ അങ്ങാടിയിൽ കൂടിയുള്ള റോഡ് നേരെയാക്കേണ്ടതായ ആവശ്യമില്ലന്നാണോ പറയുന്നത്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതിനു കുറച്ചു കേടുകളൊക്കെയുണ്ട്

മിസ്റ്റർ പാറമേൽ ഐയ്യ് ഐയ്യ്: ഈ വഴിയിൽ കൂടി വണ്ടിക്കു പോകുവാൻ നിവൃത്തിയില്ലെന്നുള്ളത് ശരിതന്നെന്നറിയാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസ്സ് വേണം.

Mr. Paramel Ipe Ipe *(Kunnamkulam):* If the Government says that the road is in a rotten condition.....

Mr. K. Balakrishna Menon *(Minister for Food and Education):* We do not say that. It requires some improvement.

Mr. Paramel Ipe Ipe *(Kunnamkulam) :* I was saying from my own experience that the road is in the most rotten condition.

Mr. K. Balakrishna Menon *(Minister For Food and Education):* We will do our best.

മിസ്റ്റർ എം. കെ. രാജ: ഈ റോഡ് ശരിപ്പെടുത്തുവാനുള്ള ഓർഡർ പാസ്സാക്കിട്ടുള്ള സ്ഥിതിക്ക് അതു ജനങ്ങൾക്കു വേണ്ടപോലെ ഉപകരിക്കത്തക്കവിധത്തിൽ വീതിയുള്ള ഒരു റോഡായിരിക്കും എന്നുള്ള ഒരു ഉറപ്പു തരുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതു വേണ്ടതുപോലെ നോക്കാം.

GRADES PAY OF FACTORY INSPECTORS—DETAILS REGARDING

316. മിസ്റ്റർ കെ. എസ്സ് പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ—

(എ) ഫാക്ടറി ഇൻസ്പെക്ടേഴ്സ് എതു ഗ്രേഡിലാണ് നിയമിതരായിട്ടുള്ളത്?

(ബി) ശമ്പള പരിഷ്കരണപ്രകാരം അവരുടെ ശമ്പള ഗ്രേഡ് എന്ത്?

റാവു ബഹദൂർ ടി. കെ. നായർ:

(എ) ൨൦൦ മുതൽ ൨൫൦ ക. വരെയുള്ള ഗ്രേഡിൽ.

(ബി) ൨൫൫ മുതൽ ൨൭൫ ക. വരെയുള്ള ഗ്രേഡ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫാക്ടറി ഇൻസ്പക്ടർമാരായി എത്രപേരുണ്ട്?

റാവുബഹദൂർ ടി. കെ. നായർ: രണ്ട്.

LIBRARY ARCHIVES Kerala Legislative Assembly